**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** — **29.06.2012 ൽ**

**ചോദ്യം നമ്പർ.4535** — **മറുപടിയ്ക്ക്**

# നീർത്തടാധിഷ്ഠിത പ്രാദേശിക വികസന പദ്ധതി (ഹരിയാലി പദ്ധതി)

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ജി. എസ്. ജയലാൽ** | | **ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)** |
| എ) **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം നീർത്തടാധിഷ്ഠിത പ്രാദേശിക വികസന പദ്ധതി (ഹരിയാലി പദ്ധതി) കൊല്ലം ജില്ലയിൽ ഏതൊക്കെ ബ്ലോക്ക് പഞ്ചായത്തുകളിലാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കുമോ;** | എ) | കൊല്ലം ജില്ലയിൽ ഹരിയാലി പദ്ധതിയിൽ അഞ്ചൽ, കൊട്ടാരക്കര, ചടയമംഗലം ബ്ളോക്കുകളിലായി 3 പദ്ധതികളാണ് അനുവദിച്ചിട്ടുളളത്. |
| ബി) **പ്രസ്തുത പദ്ധതിയിൻ കീഴിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്; പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന നിർവ്വഹണ ഏജൻസികൾ ഏതൊക്കെ; വിശദമാക്കുമോ;** | ബി) | ഹരിയാലി പദ്ധതി അനുവദിച്ചിട്ടുളള 3 ബ്ളോക്ക് പഞ്ചായത്തുകളുടെയും പദ്ധതി നിർവ്വഹണ ഏജൻസി അതത് ബ്ളോക്ക് പഞ്ചായത്തുകളാണ്. ഹരിയാലി പദ്ധതിയിൽ ഉൾപ്പെടുത്തി മഴവെള്ള സംഭരണം, മണ്ണൊലിപ്പ് തടയൽ, വനവൽക്കരണം, തടയണനിർമ്മാണം, കനാലുകളുടെ പുനരുദ്ധാരണം, ബണ്ട് നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നു. |
| സി) **ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രദേശം ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;**<br><br>ഡി) **പ്രസ്തുത പദ്ധതി പ്രദേശം തീരുമാനിക്കുന്നത് ഏത് ഉദ്യോഗസ്ഥനാണ്; തുടർന്നുള്ള സമയങ്ങളിൽ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രദേശം കൂടി ഉൾപ്പെടുത്തുവാൻ തയ്യാറാകുമോ?** | സി) & ഡി) | സംയോജിത നീർത്തട പരിപാലന പരിപാടി (IWMP) യുടെ രണ്ടാം ബാച്ചിൽ ഉൾപ്പെടുത്തി 2010-2011 ൽ ഇത്തിക്കര ബ്ളോക്കിന് പദ്ധതി അനുവദിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ മൊത്തം നീർത്തടങ്ങളെയും മുൻഗണനാക്രമത്തിൽ ചിട്ടപ്പെടുത്തി ഒരു State Perspective & Strategic Plan തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ഓരോ നീർത്തടത്തിന്റേയും പ്രത്യേകതയനുസരിച്ച വെയിറ്റേജ് നൽകുകയും, അതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിലാണു നീർത്തടങ്ങൾ തിരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ